# ഗവ. യു.പി.സ്കൂൾ കൃഷ്ണപുരം

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

# താളുകൾ മറിക്കുമ്പോൾ

അദ്ധ്യായം


1) ആമുഖം, പൊതു ലക്ഷ്യങ്ങൾ

2) സ്കൂളിന്റെ ചരിത്രം

3) വിദ്യാലയ വികസന കാഴ്ചപ്പാട്

4) അവസ്ഥാ വിശകലനം

5) പ്രശ്നങ്ങൾ വെല്ലുവിളികൾ

6) പദ്ധതി രൂപീകരണ പ്രക്രിയ

7) വിഷയ മേഖലാ പ്രവർത്തനങ്ങൾ

ഉപസംഹാരം

# ആമുഖം

നവ കേരള മിഷന്റെ ഭാഗമായി കേരള സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുന്ന ഒരു പ്രധാന പദ്ധതിയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തി അന്തർദേശീയ നിലവാരത്തിൽ എത്തിക്കുക എന്നത് ഈ പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നാണ്. 1 മുതൽ 7 വരെ ഓരോ ക്ലാസ്സുകളിൽ കുട്ടി അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും കഴിവുകളും നേടുന്നു എന്ന് ഉറപ്പുവരുത്തുക. അതായത് ലോകത്തെവിടെയുമുള്ള നിശ്ചിത പ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും കൃഷ്ണപുരം യു.പി സ്കൂളിലെ സമപ്രായക്കാരും നേടിയെന്ന് ഉറപ്പുവരുത്തുക. എല്ലാ കുട്ടികൾക്കും തുല്യ അവസരങ്ങൾ സൃഷ്ടിക്കുകയും അവരവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യുക. ആധുനിക സാങ്കേതിക വിദ്യകളെ ക്ലാസ്സ്റൂം പ്രവർത്തനങ്ങളിൽ കൂടുതൽ സന്നിവേശിപ്പിക്കുക. പഠന ബോധന രംഗങ്ങളിലെ നൂതന പ്രവണതകൾ പ്രയോജനപ്പെടുത്തുന്നതിന് അധ്യാപകരെ സജ്ജരാക്കുക. സാധ്യായതരത്തിൽ വിവിധ കൂട്ടായ്മകളെയും പൂർവ്വ-വിദ്യാർത്ഥികളെയും സ്കൂളിലേക്ക് ബന്ധിപ്പിച്ചുകൊണ്ട് മുഴുവൻ പൊതുജനങ്ങളുടെയും സഹകരണങ്ങൾ ഇക്കാര്യത്തിൽ പ്രതീക്ഷിക്കുന്നു.

# പൊതു ലക്ഷ്യങ്ങൾ

1. അയൽപക്ക സമൂഹങ്ങളിലെ മുഴുവൻ കുട്ടികളെയും ഈ സ്കൂളിൽ എത്തിക്കുക.
2. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സുകളിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
3. കുട്ടിയുടെ സർഗ്ഗപരവും, അക്കാദമികവും, കായികപരവുമായ കഴിവും പരമാവധി വികസിപ്പിച്ച് സംസ്ഥാന ദേശീയ തലത്തിൽ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
4. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് ഉറപ്പുവരുത്തുക.
5. അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.
6. ക്യാമ്പസ് പ്ലാസ്റ്റിക് വിമുക്തമാക്കുക.
7. പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള അക്കാദമിക പിന്തുണ ഒരുക്കുക.
8. കാർഷിക സംസ്കാരമുള്ള പുതു തലമുറയെ വളർത്തുക.
9. ക്യാമ്പസ് ഒരു ശലഭോദ്യാനം ഒരുക്കാനുള്ള പിന്തുണ നൽകുക.
10. സ്കൂൾ ഒരു മികവിന്റെ കേന്ദ്രമാക്കി വളർത്തുക.

# അദ്ധ്യായം-2

## വിദ്യാലയ ചരിത്രം

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ 1888-ൽ സ്ഥാപിതമായ ഒന്നേകാൽ നൂറ്റാണ്ടിലേറെ പഴക്കമുള്ള ഒരു വിദ്യാലയ മുത്തശ്ശിയാണ് ഗവ: യു.പി. സ്കൂൾ കൃഷ്ണപുരം ശ്രീ. വെങ്ങാട്ടംപള്ളിൽ പട്ടരുടെ നേതൃത്വത്തിൽ അദ്ദേഹം സംഭാവന ചെയ്ത സ്ഥലത്ത് സ്ഥാപിതമായ ഈ സ്കൂൾ ചരിത്ര പ്രസിദ്ധമായ കൃഷ്ണപുരം കൊട്ടാരത്തിന്റെ കോട്ടയ്ക്കകത്ത് സ്ഥിതിചെയ്യുന്നതുകൊണ്ട് കോട്ട യ്ക്കകം സ്കൂൾ എന്ന് ഇന്നും അറിയപ്പെടുന്നു. ആദ്യകാലത്ത് ഇതൊരു ലോവർ പ്രൈമറി സ്കൂൾ ആയിരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ജാതിമത ഭേദമന്യേ ഈ സ്കൂളിൽ പഠിക്കാൻ അവസരമുണ്ടായിരുന്നു. ഒന്നു മുതൽ നാലുവരെയുള്ള ക്ലാസ്സുകളിലായി ഏകദേശം 200 കുട്ടികൾ അന്ന് അധ്യയനം നട ത്തിയിരുന്നു. പഴയാറ്റൂർ നാരായണപിള്ള (എച്ച്.എം) കാപ്പിൽ പ്ലാവുംകീഴിൽ കുറുപ്പു സാർ, തുണ്ടിൽ കുഞ്ഞുപിള്ള സാർ, ശങ്കരിയമ്മടീച്ചർ എന്നിവരായിരുന്നു ആദ്യകാല അദ്ധ്യാപകർ.

1943-44 വർഷത്തിൽ അഞ്ചാം ക്ലാസ് ആരംഭിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ആറും ഏഴും ക്ലാസ്സുകളുമായി ഒന്നുമുതൽ ഏഴ് വരെ ക്ലാസ്സുകളിലായി ഏകദേശം 1000 ത്തോളം കുട്ടികൾ അന്ന് ഓരോ വർഷവും ഇവിടെ പഠിച്ചിരുന്നു. സമൂഹത്തിന്റെ സമസ്ത മേഖലകളിലും സാന്നിദ്ധ്യമറിയിച്ച നിരവധി പ്രതിഭാശാലികളെ അറിവിന്റെ പന്ഥാവിലെക്ക് കൈപിടിച്ച് നയിചച മധ്യതിരുവിതാംകൂറിലെ പ്രസ്ത വിദ്യാകേന്ദ്ര മായിരുന്നു ഈ സ്കൂൾ. പ്രശ്സ്ത സാഹിത്യകാരനും നിരൂപകനുമായ ശ്രീ. എസ്. ഗുപ്തൻനായരിൽ തുടങ്ങി അദ്ദെഹത്തിന്റെ മകൻ ശശിഭൂഷണിലൂടെ ഇപ്പോഴത്തെ CPCRI ഡയറക്ടർ ഡോ: കൃഷ്ണകുമാർ, കേരള ഫീഡ്സ് എം.ഡി. ഡോ: ശ്രീകുമാർ, ഡോ: രാജു.ഡി. കൃഷ്ണപുരം, ഡോ: ശിവരാജൻ എന്നിവരിലേക്ക് നീളുന്ന നീണ്ട ഒരു ശിഷ്യ നിരതന്നെ ഈ സ്കൂളിനുണ്ട്. ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥിയും പൂർവ്വ പ്രഥമാദ്ധ്യാപകനുമായിരുന്ന കറുത്തകുഞ്ഞ് സാർ, പൂർവ്വ അധ്യാപകരും പ്രഥമാധ്യാ പികമാരുമായ ലില്ലിക്കുട്ടി ടീച്ചർ, സാവിത്രി ടീച്ചർ, കൊച്ചുചെറുക്കൻ സാർ എന്നി വരും സ്കൂളിന്റെ അഭിമാന ഭാജനങ്ങളാണ്.

എന്നാൽ 20-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ജനങ്ങളുടെ ഇംഗ്ലീഷ് വിദ്യാ ഭ്യാസത്തോടുള്ള അമിത പ്രാധാന്യം കണ്ടറിഞ്ഞ് അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ കൂണുപോലെ മുളപൊട്ടി. ഈ വിദ്യാലയത്തിന്റെ നാലു ഭാഗങ്ങളിലും ഹൈടെക് ഇംഗ്ലീഷ്മീഡിയം വിദ്യാലയങ്ങൾ വന്നത് ഈ വിദ്യാലയ ത്തിലേക്ക് കുട്ടികളുടെ ഒഴുക്ക് കുറയുന്നതിന് കാരണമായി. ഇംഗ്ലീഷ് വിദ്യാഭ്യാസ ത്തോടുള്ള രക്ഷിതാക്കളുടെ അമിത താല്പര്യം കണ്ടറിഞ്ഞ് കാലത്തിനനുസരിച്ച് മാറ്റം ഉൾക്കൊള്ളാൻ ഈ വിദ്യാലയാധികൃതർ തയ്യാറാകാതിരുന്നതും കുട്ടികളുടെ എണ്ണം ഗണ്യമായികുറയുന്നതിന് കാരണമായി. കഴിഞ്ഞ കുറെ വർഷങ്ങളായി കുട്ടി കളുടെ എണ്ണം 400 നും 425 നും ഇടയിലായി നിലകൊള്ളുന്നു.

എന്നാൽ 2016-17 മുതൽ പഠിതാവിന്റെ സർവതോന്മുഖമായ വികസനത്തെ ലക്ഷ്യം വച്ചുകൊണ്ടുള്ള പഠനാനുബന്ധ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി രക്ഷിതാവിന്റെ ഹിതമനുസരിച്ച് യാതൊരു ഫീസോ ഡൊണേഷനോ ഇല്ലാതെ ഇംഗ്ലീഷ്/മലയാളം മീഡിയത്തിലോ പഠിക്കാനുള്ള അവസരം ഒരുക്കി. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് കല-കായിക-ശാസ്ത്ര-ഗണിത ശാസ്ത്ര പ്രവൃത്തിപരിചയ മേഖലകളിലുമുള്ള കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങൾ നടത്തി. കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകൾ ഏർപ്പെടുത്തി. /

ഈ ദേശത്തിന്റെ സാംസ്കാരിക പാരമ്പര്യം ഉയർത്തിക്കാട്ടുന്ന പ്രസ്തുത സർക്കാർ വിദ്യാലയം പൂർവകാല പ്രൗഢിയോടുകൂടി നിലനിൽക്കേണ്ടത് അത്യാവശ്യമാണെന്ന് പ്രദേശവാസികളേയും, അഭ്യുദയകാംക്ഷികളേയും ബോദ്ധ്യപ്പെടുത്തി. രക്ഷിതാക്കളേയും പൂർവ വിദ്യാർത്ഥികളേയും സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖരേയും ഉൾപ്പടുത്തി SMC, MPTA, SDC പൂർവ വിദ്യാർത്ഥിസംഘടന എന്നിവ ശക്തിപ്പെടുത്തുകയും, വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്തു. സ്കൂളിലെ ആഘോഷങ്ങളും ദിനാചരണങ്ങളും നാടിന്റെ ഉത്സവമാക്കി മാറ്റിയതിലൂടെ സ്കൂളിലെ പ്രവർത്തനങ്ങൾ സമൂഹത്തിലേക്ക് അിറയിക്കുകയും ചെയ്തു. 202[illegible] ആകുമ്പോഴേക്കും എല്ലാ ക്ലാസ്സുകളും രണ്ടു ഡിവിഷൻ വീതമുള്ള സ്കൂൾ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്താൻ കഴിയുമെന്നുള്ള ശുഭാപ്തി വിശ്വാസത്തോടെ ചടുലമായ പ്രവർത്തനങ്ങളുമായി മുന്നോട്ട്......

# അദ്ധ്യായം - 3

## വിദ്യാലയ വികസന കാഴ്ചപ്പാട് (VISION - 2025)

ആകർഷകവും ശിശു സൗഹൃദപരവും വർണ്ണാഭവുമായ ക്ലാസ്സുകളിൽ പ്രീപ്രൈമറി മുതൽ 7-ാം ക്ലാസ്സ് വരെയുള്ള കുട്ടികളെ ഏകോപിപ്പിച്ച് അധ്യയനം നടത്തും. അയൽപക്ക സമൂഹത്തിലെ മുഴുവൻ കുട്ടികളെയും ഈ വിദ്യാലയത്തിൽ പഠിക്കുന്നതിന് അവസരം ഒരുക്കും. സമ്പൂർണ്ണ ഡിജിറ്റലൈസ്ഡ് ഹൈടെക് വിദ്യാലയമെന്ന നിലവാരത്തിലേക്ക് 2028-നകം ഉയർത്തും. ചിത്രശലഭ ഉദ്യാനം, കുട്ടികളുടെ പാർക്ക്, കളിസ്ഥലം, അസംബ്ലി ഹാൾ എന്നിവ ഉൾപ്പെടെയുള്ള സമ്പൂർണ്ണ പ്ലാസ്റ്റിക് വിമുക്ത ഹരിത വിദ്യാലയം എന്ന സ്വപ്നം സാക്ഷാത്കരിക്കും. ലോകത്തിലെ ഏതു കോണിലുമുള്ള സമപ്രായക്കാരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരത്തോട് കിടപിടിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തും. ചുരുക്കത്തിൽ സമസ്ത മേഖലയിലും മുഴുവൻ കുട്ടികളും മികവ് പുലർത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുക.

## നിലവിലെ അവസ്ഥാ വിശകലനം

### ഭൗതികം

കൃഷ്ണപുരം ഗവ. യു.പി സ്കൂളിന് 50 സെന്റ് സ്ഥലം മാത്രമാണ് നിലവിൽ ഉള്ളത്. ഇത് പൊതുവെ താഴ്ന്ന പ്രദേശമാണ്. നല്ല മഴയുള്ള-തിനാൽ വെള്ളം കെട്ടി നിൽക്കുന്ന സ്ഥലമാണ്. ഏകദേശം 100 വർഷത്തോളം പഴക്കമുള്ള ഒരു ഓടിട്ട കെട്ടിടവും പഴയ മറ്റൊരു കെട്ടിടവും ഉണ്ട്. പുതിതായി ആറു മുറികളോട് കൂടിയ ഒരു ഇരു നില കെട്ടിടം പണിപൂർത്തിയാക്കി കുട്ടികൾക്കായി തുറന്നു കൊടുന്നു. ഏതാണ്ട് 4000-ത്തോളം പുസ്തകങ്ങൾ ഉള്ളത് വേണ്ടവിധം ക്രമീകരിക്കാൻ അലമാരകളോ, ലൈബ്രറി മുറിയോ റാക്കുകളോ, ഇല്ല. കമ്പ്യൂട്ടർ പഠനത്തിന് മതിയായ കമ്പ്യൂട്ടറുകൾ ഇല്ല. ഫോം നിയമർ സംവിധാനത്തോടു കൂടി എയർ കണ്ടീഷൻ ചെയ്ത ഒരു മുറി പുതിയ, കെട്ടിടത്തിൽ ഉണ്ട്. അത് കമ്പ്യൂട്ടർ പഠനത്തിനായി ഉപയോഗിക്കുന്നു.

# നിലവിലെ അവസ്ഥ

അക്കാദമികം കുട്ടികളുടെ എണ്ണം

Pre primary (under SMC)

2025 - 2026

L.K.G

U.K.G

| I | | II | | III | | IV | | V | | VI | | VII | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| B | G | B | G | B | G | B | G | B | G | B | G | B | G |
| 15 | 13 | 27 | 31 | 23 | 22 | 40 | 31 | 30 | 35 | 44 | 14 | 43 | 33 |


## അദ്ധ്യായം - 5
## പ്രശ്നങ്ങൾ - വെല്ലുവിളികൾ

കൃഷ്ണപുരം ഗവ: എൽ.പി സ്കൂളിന് 50 സെന്റ് സ്ഥലം മാത്രമാണുള്ളത്. ഇത് ചെളിയുള്ള താഴ്ന്ന പ്രദേശമാണ്. നല്ല മഴക്കാലമായാൽ വെള്ളം കെട്ടിനിൽക്കുന്ന സ്ഥലമാണ്. ഇത് കുട്ടികളുടെ ശുചിത്വത്തെയും ആരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്നു. ഏകദേശം 100 വർഷത്തോളം പഴക്കമുള്ള 2 ഓടിട്ട കെട്ടിടങ്ങളാണ് പ്രധാനമായുമുള്ളത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് ഡിജിറ്റലൈസ്ഡ് സ്മാർട്ട് ക്ലാസ്റൂമുകൾ അത്യന്താപേക്ഷിതമാണ്. ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് വ്യായാമം അത്യാവശ്യമാണ്. കുട്ടികൾ ഓടിച്ചാടിക്കളിക്കുമ്പോഴാണ് ശരിയായ വളർച്ചയും ആരോഗ്യവും ഉണ്ടാകുന്നത്. അതിന് കളിസ്ഥലം അത്യന്താപേക്ഷിതമാണ്. നിലവിലെ പ്രദേശം മണ്ണിട്ടുയർത്തി വിവിധ കളിഉപകരണങ്ങളുള്ള ഒരു പാർക്ക് നിർമിക്കണം. ആധുനിക സാങ്കേതിക വിദ്യാ പഠനരീതിക്ക് അത്യന്താപേക്ഷിതമാണെങ്കിലും പഠനം കൂടുതൽ കാര്യക്ഷമമാക്കാൻ ആവശ്യത്തിന് ലാപ്ടോപ്പുകളില്ല. അതിനാൽ ഒരു ക്ലാസ്സിന് ഒരു ലാപ്ടോപ്പ് വീതം ലഭ്യമാക്കണം. കായിക വിദ്യാഭ്യാസം, പ്രവൃത്തി പരിചയം, ചിത്രരചന ക്ലാസ്സുകൾ എല്ലാ ക്ലാസ്സിലും ലഭ്യമാക്കണം.

# അദ്ധ്യായം-4

## അവസ്ഥാവിശകലനം

## സമീപ വിദ്യാലങ്ങൾ



# പാഠ്യാനുബന്ധം

സംഗീതം

സ്പോർട്സ്

ചിത്രരചന

നൃത്തം

പ്രവൃത്തിപരിചയം

വിവിധ ക്ലബ്ബുകൾ

മുകളിൽ പറഞ്ഞ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സ്പോർട്സ്, ചിത്രരചന, പ്രവൃത്തി പരിചയം എന്നിവയ്ക്ക് ആഴ്ചയിൽ 2 ദിവസം എന്ന നിലയിൽ ഗസ്റ്റ് ടീച്ചർമാരാണ് വരുന്നത്. അതിനാൽ എല്ലാ കുട്ടികളിലേക്കും ഇത് ഫലപ്രദമായ രീതിയിൽ എത്തിക്കാൻ കഴിയുന്നില്ല. നല്ല പ്രതിഭയുള്ള കുട്ടികൾ ഉണ്ടെങ്കിലും സാമ്പത്തിക ശേഷിക്കുറവുകാരണം വേണ്ടത്ര പരിശീലനവും മറ്റ് ഫലങ്ങളും ലഭിക്കാത്തതുമൂലം പിന്തള്ളപ്പെടുന്നു.

# നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ

ഇന്റർനെറ്റ് സംവിധാനം

| | |
|---|---|
| പ്രിന്റർ | - 2 |
| സ്കാനർ | - ഇല്ല |
| പ്രൊജക്ടർ | - 3 |
| കമ്പ്യൂട്ടർ | - 1 |
| ലാപ്ടോപ്പ് | - 8 |
| ഡസ്ക് | - |
| ബെഞ്ച് | - |
| കസേര | - |
| മേശ | - |
| അലമാര | - |
| ലൈബ്രറി പുസ്തകം | - |
| മൈക്ക് സെറ്റ് | - |

# അധ്യാപക - അനധ്യാപക ജീവനക്കാർ

ഹെഡ്മാസ്റ്റർ. - ലതാ കുമാരി

എൽ. പി. എസ് ടി - ശ്രീമതി ജിനിജ
- ശ്രീമതി ലാജി
- ശ്രീമതി അശ്വതി
- ശ്രീമതി അമ്പിളി
- ശ്രീമതി ദേവിക
- ശ്രീമതി ഷെറിൻ
- ശ്രീമതി ആനി
- ശ്രീ നവാസ്

യു. പി. എസ്. ടി - ശ്രീമതി. ബിനിത
- ശ്രീമതി ആശാദേവി
- ശ്രീമതി സജീന
- ശ്രീമതി ശശികല
- ശ്രീമതി പ്രസീജ
- ശ്രീമതി ഷീമന

Office Assistant -

PTCM - ശ്രീമതി രാധാമണി

പ്രീ - പ്രൈമറി വിഭാഗം

ശ്രീമതി സുധി (ടീച്ചർ)

ശ്രീമതി ജസീന (ടീച്ചർ)

ശ്രീമതി സാനുജ (ആയ)

സയൻസ് ക്ലബ്ബ് കൺവീനർ - ശ്രീമതി വാരില

സോഷ്യൽ സയൻസ് " - ശ്രീമതി ആശ

മാത്സ് ക്ലബ്ബ് " - സജീന

ഇംഗ്ലീഷ് ക്ലബ്ബ് " - പ്രസീജ

ഇക്കോ ക്ലബ്ബ് " - പ്രസീജ

ഗാന്ധി ദർശൻ " -

ഹെൽത്ത് & സാനിറ്റേഷൻ - ഷെറിൻ

സോഷ്യൽ സർവീസ് സ്കീം - പ്രസീജ

സേവിംഗ്സ് സ്കീം - ആനി

വിദ്യാരംഗം - സാവിത്രി

അറബിക് (24)

ആക്ഷൻ പ്ലാൻ - 2024-25

| | | |
|---|---|---|
| ജൂൺ 14 | ബക്രീദ് | ഗ്രീറ്റിംഗ് കാർഡ് നിർമ്മാണം |
| ജൂൺ 19 | വായനദിനം | വായന മത്സരം, പോസ്റ്റർ നിർമ്മാണം, ക്വിസ് |
| ജൂലൈ 5 | ബഷീർദിനം | ഡോക്യുമെന്ററി പ്രദർശനം |
| ജൂലൈ 18 | Arabi Talent Test | |
| ജൂലൈ 23 | അറബിക് ക്ലബ് | |
| ആഗസ്റ്റ് 6 | ഹിരോഷിമ ദിനം | - യുദ്ധവിരുദ്ധ സന്ദേശം നൽകൽ |
| ആഗസ്റ്റ് 9 | നാഗസാക്കി | - പ്ലക്കാർഡ് നിർമ്മാണം |
| ആഗസ്റ്റ് 15 | സ്വാതന്ത്ര്യദിനം | - ദേശഭക്തിഗാനാലാപനം |
| സെപ്റ്റംബർ 5 | ടീച്ചേഴ്സ് ഡേ | - ആശംസ കാർഡ് നിർമ്മാണം. |
| ഒക്ടോബർ 2 | ഗാന്ധിജയന്തി | - ഗാന്ധി ക്വിസ് |
| നവംബർ 1 | കേരളപ്പിറവി | - ജില്ലകളെ അറബിയിൽ പഠിപ്പിക്കൽ |
| ഡിസംബർ 18 | അറബിഭാഷാ ദിനം | - കാലിഗ്രഫി, ക്വിസ്, പ്രസംഗം, ഗാനാലാപനം, അറബിക് ഗാനം |

# Academic Master Plan for U.P Section - English

| AIM | ACTIVITIES | TIME | TASK | ECONOMIC ACTIVITIES. |
|---|---|---|---|---|
| 1. Provides Oppurtunities to listen to English correctly and speak it Easily. | LEND YOUR EAR - Simple and fun English. Record and play. Encourage the child to provide appropriate answers to related questions. | JULY | ENGLISH TEACHER | ENGLISH CLUB |
| | FOLLOW ME IF YOU CAN<br>Provides training in following instructions in English | June | ENGLISH TEACHER. | |
| | BREAKING NEWS : English Radio plays recorded news. Provides an oppurtunity to listen to the correct pronunciation | November | ENGLISH TEACHER | |
| | A WORD A DAY<br>Everyday a new word is introduced with its meaning, pronunciation and use in sentence. | 1 Year | ENGLISH TEACHER. | |

| AIM | ACTIVITIES | TIME | TASK | ECONOMIC ACTIVITIES |
|---|---|---|---|---|
| 2. Practicing Expressive Reading. | Meet the foreigner - Provides an oppurtunity to communicate with native speakers. | Once a year | English Teacher | |
| | I too Can - Arranges various reading cards at different levels. Provides the oppurtunity to read without mistakes. (from Simple to Complex) | July | English Teacher | |
| | Leaning Ladder - Gives Children the oppurtunity to write a few words selected from the lesson on a chart and read them in the mirror those who correctly guess all the words are able to climb the ladder and win a hidden prize. | September. | English Teacher. | |
| | Reader of the month - Have the oppurtunity to read an English newspaper. Reader of the month is honored. | Monthly | English Teacher. | |

| | | | | |
|---|---|---|---|---|
| | **English Assembly** Should conduct once in a week. with the maximum participation of the children. Those items - News reading, Thought for the day, famous quotes etc can be included. | Once in a week. | English Teacher. | |
| 3. Enable you to write English without mistakes. | **My Droplets** is preparing a class Magazine in connection with the products or creativity of children. | At the end of the year. | English Teacher. | |
| | **The Run baby Run** Class is divided into groups in the chart after reading the words displayed on the board once. They write them on another chart without errors. The Group that writes the sentences correctly first is declared by the winner. | February. | English Teacher. | - |
| 4. Increase confidence in the English language - | **English fest**. Provides opportunity for expressing their talents before others. | February - March. | English Teacher. | |

# അക്കാദമിക് പ്ലാൻ- അറബിക്

- L.P Arabic 1–4 Govt: UPS Krishnapuram

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | **അറബിക് മധുരം:**<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത്, വായന:**<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗെയിമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>* പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 2 | **വായനാ ലോകം**<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>**2. ക്ലാസ്സ് വായന:**<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | **സമാഹരണം:**<br><br>• അറബിക് അദ്ധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• സർക്കാർ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 3 | ആസ്വാദന ലോകം | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:** നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം**: ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| 4 | **അനുഭവ ലോകം**<br><br>(അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്, അതിനാൽ അറബി ഭാഷാ പഠനത്തിന് ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br><br>* തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>* ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രോജക്റ്ററിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/ പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം | 1 മാസം | എൽ.സി.ഡി<br><br>കമ്പ്യൂട്ടർ<br><br>ലാംഗ്വേജ് ലാബ് | |
| 5 | **പദപരിചയം**<br><br>ലക്ഷ്യം: അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | **ഒരു പദം പരിചയപ്പെടൽ:**<br><br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ | 1 വർഷം | മൈക്ക് | |

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..<br><br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |
| 6 | **അറബിക് അസംബ്ലി** | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | 1 വർഷം | | - |

# ACADEMIC MASTER PLAN 2025-26

ARABIC LANGUGAGE (UP)

## GOVT. UPS KRISHNAPURAM

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| വായന<br><br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക . വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി । വായനാ ശീലം വളർത്തുക, നല്ല വായനക്കാരനാക്കുക | അറബിക് ലൈബ്രറി ശാക്തീകരണം. പുതിയ അറബി പുസ്തകങ്ങൾ ശേഖരിക്കുന്നു. കവിതകൾ,ചിത്രകഥകൾ,കഥകൾ എന്നിവ വായിക്കുന്നു | 6 മാസം ജൂൺ- നവംബർ | പുസ്തകങ്ങൾ |
| എഴുത്ത്<br><br>എഴുതുവാനുള്ള കഴിവ് വികസിപ്പിക്കുന്നു. | ക്ലാസ്സ് കയ്യെഴുത്തു മാഗസിൻ നിർമിക്കുന്നു. । ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകുന്നു | സെപ്റ്റംബർ- നവംബർ | പുസ്തകങ്ങൾ, ചാർട്ടുകൾ. |
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക.<br><br>പദസമ്പത്ത് അധികരിപ്പിക്കുക | ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ 2-3 വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്ന ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. | ജൂൺ മുതൽ മാർച്ചു വരെ | പുസ്തകങ്ങൾ,ഇൻറർനെറ്റ് സൗകര്യങ്ങൾ., |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| | സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും | | |
| 5,6,7 ക്ലാസ്സുകളിലെ കുട്ടികളുടെ നിലവാരം മനസിലാക്കുക | പ്രീ ടെസ്റ്റ് നടത്തുക അടിസ്ഥാന പാഠങ്ങൾ പഠിപ്പിക്കുന്നു. | ജൂൺ | അധ്യാപകർ |
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക | ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ, സംഭാഷണം, കുറിപ്പുകൾ, എന്നിവ ഉൾകൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ചു വരെ | പുസ്തകങ്ങൾ, ചാർട്ടുകൾ. |
| കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി | കഥ, പ്രസംഗം, ഗാനം, വാർത്തകൾ എന്നിവ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ചുവരെ | |
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചു ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| വായനയിലൂടെയും എഴുത്തിലൂടെയും | -വായന മത്സരം<br>-ഇ വായന (വാട്സ്ആപ്പ് ഗ്രൂപ്പ്) | | പുസ്തകങ്ങൾ, മാഗസിനുകൾ, സ്കൂൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| ഭാഷാ ശേഷി വർധിപ്പിക്കുക | -ഭാഷാ കളികൾ.<br>-പോസ്റ്ററുകൾ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ചുവരെ | ലൈബ്രറി, അസംബ്ലി, ചാർട്ടുകൾ |
| അറബി ഭാഷാ ലാബ് | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വിഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുന്നു. | ജൂൺ മുതൽ മാർച്ചുവരെ | കംപ്യൂട്ടർ, പ്രൊജക്ടർ |

മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ അറിവുകൾ ആശയങ്ങൾ പരിശോധിക്കൽ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനപരമായ അറിവ് പരീക്ഷിക്കുന്നതിന് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് കുട്ടികൾ പഠിച്ചവയെക്കുറിച്ചുള്ള മുന്നറിവ് പരിശോധിക്കുന്നു. | അക്കാദമിക വർഷാരംഭം. (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 2. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് തുടങ്ങുന്നത് ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ നടപ്പിലാക്കുന്നതോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതത്വം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ചിത്രങ്ങളായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 4. വിവരവിനിമയസാങ്കേതിക | | | | |

[illegible] യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| വിദ്യകളുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | കുട്ടികൾക്ക് റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അവർ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുന്നു. | സെമിനാറുകൾ, ക്വിസുകൾ (പ്രസംഗം) തുടങ്ങിയവ അറിവിന്റെ മാനസിക ലോകം സൃഷ്ടിക്കുന്നു, പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിർമ്മിക്കാം. ഒത്തുതീർപ്പ് രീതിയിലൂടെ ചോദ്യോത്തരങ്ങൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |

ഹിന്ദി

മേഖല : അക്കാദമികം

## പൊതുവായ ലക്ഷ്യങ്ങൾ

✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി സരളമായും, ആസ്വാദ്യകരമായും, ഫലപ്രദമായി എഴുതുവാനും, വായിക്കുവാനും, സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

✓ ഓരോ യൂണിറ്റിലും പഠിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പിക്കുക.

✓ ഹിന്ദി ഭാഷാപഠനം ലളിതവും, സരളവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

✓ വിദ്യാലയങ്ങളിൽ ഹിന്ദി അന്തരീക്ഷം ഉണ്ടാക്കുക.

| ക്രമ നം. | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഹിന്ദിയിൽ തിരിച്ചറിയൽ കാർഡ് | 5 മുതൽ 7 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പേര്, ക്ലാസ്സ്, ഡിവിഷൻ, സ്കൂൾ, വിലാസം ഉൾപ്പെടുത്തിയ കാർഡ് | ജൂൺ | ഹിന്ദി അധ്യാപകർ |
| 2. | ആഴ്ചയിലെ വാക്ക് | എല്ലാ ആഴ്ചയിലും ഓരോ പുതിയ വാക്ക് പരിചയപ്പെടുത്തുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് |
| 3. | ഹിന്ദി ഡിജിറ്റൽ ലൈബ്രറി | വായനാ സാമഗ്രികളുടെ ഡിജിറ്റൽ വിഭവങ്ങൾ (ചിത്ര കഥകൾ, കാർട്ടൂണുകൾ, അക്ഷര കളികൾ, ഡിക്ഷ്നറി മുതലായവ) ശേഖരിച്ച് ഇ-വായനയെ പ്രോത്സാഹിപ്പിക്കുക. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ്. |
| 4. | ഐ.സി.ടി. ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുന്നു. | പാഠഭാഗങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നു. ഐ.സി.ടി. സഹായത്തോടെ പാഠഭാഗങ്ങൾ ലളിതമാക്കുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ |
| 5. | ഹിന്ദി കോർണർ | ഹിന്ദി കോർണർ എല്ലാ ക്ലാസുകളിലും തയ്യാറാക്കുന്നു. കുട്ടികളുടെ ഉൽപന്നങ്ങൾ, പോർട്ട്ഫോളിയോ ഇടങ്ങളിലവ അവതരിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ വിദ്യാർത്ഥികൾ. |

| | | | | |
|---|---|---|---|---|
| 6 | ഹിന്ദി അസംബ്ലി | ഹിന്ദി അസംബ്ലി പരമാവധി കുട്ടികളുടെ പങ്കാളിത്തത്തോടെ ഉറപ്പിക്കുന്നു. വാർത്തകൾ, മഹദ് വചനങ്ങൾ എന്നിവ ഉൾപ്പെടുത്തി ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് |
| 7. | ദിനാചരണങ്ങൾ | ദിനാചരണങ്ങൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ മുന്നൊരുക്കങ്ങൾ നടത്തി ക്ലാസ്തല പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് നടത്തുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് |
| 8. | ഹിന്ദി വർക്ക്ഷീറ്റ് ഉപയോഗം | വർക്ക് ഷീറ്റുകൾ ഫലപ്രദമായി ഉപയോഗിക്കുക. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ |
| 9. | ആശയ വിനിമയം തയ്യാറാക്കുക. | ചെറു സംഭാഷണങ്ങൾ തയ്യാറാക്കുക. | ആഗസ്റ്റ് മുതൽ | വിദ്യാർത്ഥികൾ |
| 10 | പ്രശ്നോത്തരി | ആഴ്ചയിൽ ഒരു ദിവസം ഹിന്ദിയിൽ ഒന്നോ, രണ്ടോ ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഉത്തരം നിക്ഷേപിക്കാൻ പെട്ടിയും സ്ഥാപിക്കുന്നു. വിജയികളെ അസംബ്ലിയിൽ അനുമോദിക്കുന്നു. | എല്ലാ ആഴ്ചയിലും | ഹിന്ദി ക്ലബ്ബ് |
| 11. | ഹിന്ദി കൈയ്യെഴുത്ത് മാസിക. | ജൂൺ മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തി ജനുവരിയിൽ കൈയ്യെഴുത്ത് മാസിക തയ്യാറാക്കുക | ജനുവരി | ഹിന്ദി അധ്യാപകർ |

സംസ്കൃതം

അക്കാദമിക്ക് മാസ്റ്റർപ്ലാൻ

ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

Edit with WPS Office

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. <u>വീട് ഒരു പരീക്ഷണശാല.</u><br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു | |
| 3. <u>വായനാലോകം.</u><br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

Edit with WPS Office

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 6. <u>ആസ്വാദന ലോകം .</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

Edit with WPS Office

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br><br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ . | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| 8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

Edit with WPS Office

## ഗവ: യു.പി.സ്കൂൾ കൃഷ്ണപുരം - 2025-26
## അക്കാദമിക പ്രവർത്തനങ്ങൾ - UP മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠന സഹായികൾ | ചിന്തന |
|---|---|---|---|---|---|
| 1 | - കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കൽ<br>- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | - പ്രീടെസ്റ്റ്<br>- അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>- പദക്കാർഡ്<br>- പദനിർമ്മാണം<br>- വാക്യനിർമ്മാണം<br>- ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം | ജൂൺ മുതൽ ഡിസംബർ വരെ | - വായന കാർഡുകൾ<br>- ലഘു പുസ്തകങ്ങൾ | - മലയാളം അധ്യാപകർ<br>- രക്ഷിതാക്കൾ<br>- കുട്ടുകൾ |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക. | - ക്ലാസ് വായനക്കൂട്ടം<br>- വായനക്കൂല<br>- വായനോത്സവം സംഘടിപ്പിക്കൽ<br>- പത്രവായന<br>- അമ്മ വായന<br>- വായന കുറിപ്പ് തയ്യാറാക്കൽ | അക്കാദമിക് വർഷം മുഴുവൻ | - പത്രങ്ങൾ<br>- ബാലപ്രസിദ്ധീകരണങ്ങൾ<br>- പുസ്തകങ്ങൾ | അധ്യാപകർ<br>- കുട്ടുകൾ<br>രക്ഷിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | - ദിനാചരണങ്ങൾ<br>- ജന്മദിനത്തിൽ സ്കൂൾ ലൈബ്രറിക്ക് ഒരു പുസ്തകം സമ്മാനം<br>- പത്രങ്ങൾ, ബാല-മാസികകൾ എന്നിവ ലഭ്യമാക്കൽ | അക്കാദമിക് വർഷം മുഴുവൻ | - ക്ലാസ് ലൈബ്രറി<br>- സ്കൂൾ ലൈബ്രറി | മലയാളം - അധ്യാപകർ<br>- രക്ഷിതാക്കൾ<br>- സമൂഹത്തിന്റെ സംഭാവനകൾ |
| 3. | കുട്ടികളുടെ സ്വതന്ത്ര രചനാപാടവം വികസിപ്പിക്കുക. | - ആസ്വാദനക്കുറിപ്പ്<br>- യാത്രാവിവരണങ്ങൾ<br>- വർണ്ണന<br>- അനുഭവക്കുറിപ്പ്<br>- ചിത്രങ്ങളെ വാങ്മയ ചിത്രങ്ങൾ ആക്കുക. | അക്കാദമിക് വർഷം മുഴുവൻ | - പുസ്തകങ്ങൾ<br>- ചിത്രങ്ങൾ | - അധ്യാപകർ<br>- രക്ഷിതാക്കൾ<br>- കൂട്ടുകാർ |

ഹിന്ദി

മേഖല : അക്കാദമികം

<u>പൊതുവായ ലക്ഷ്യങ്ങൾ</u>

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി സ്വതന്ത്രമായും, ആസ്വാദനമായും, ഫലപ്രദമായി എഴുതാനും, വായിക്കാനും, സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും പഠിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പിക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- വിദ്യാലയങ്ങളിൽ ഹിന്ദി അന്തരീക്ഷം ഉണ്ടാക്കുക.

| ക്രമ നം. | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഹിന്ദിയിൽ തിരിച്ചറിയൽ കാർഡ് | 5 മുതൽ 7 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പേര്, ക്ലാസ്സ്, ഡിവിഷൻ, സ്കൂൾ, വിലാസം ഉൾപ്പെടുത്തിയ കാർഡ് | ജൂൺ | ഹിന്ദി അധ്യാപിക |
| 2. | ആഴ്ചയിലെ വാക്ക് | എല്ലാ ആഴ്ചയിലും ഓരോ പുതിയ വാക്ക് പരിചയപ്പെടുത്തുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപിക, ഹിന്ദി ക്ലബ്ബ് |
| 3. | ഹിന്ദി ഡിജിറ്റൽ ലൈബ്രറി | വായനാ സാമഗ്രികളുടെ ഡിജിറ്റൽ വിഭവങ്ങൾ (ചിത്ര കഥകൾ, കാർട്ടൂണുകൾ, അക്ഷര കളികൾ, ഡിക്ഷ്നറി മുതലായവ) ശേഖരിച്ച് e- വായനയെ പ്രോത്സാഹിപ്പിക്കുക. | ജൂൺ, മുതൽ | ഹിന്ദി അധ്യാപിക, ഹിന്ദി ക്ലബ്ബ് |
| 4. | ഐ.സി.ടി. ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുന്നു. | പാഠഭാഗങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നു. ഐ.സി.ടി. സഹായത്തോടെ പാഠഭാഗങ്ങൾ ലളിതമാക്കുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക |
| 5. | ഹിന്ദി കോർണർ | ഹിന്ദി കോർണർ എല്ലാ ക്ലാസ്സുകളിലും ആരംഭിക്കുന്നു. കുട്ടികളുടെ ഉൽപ്പന്നങ്ങൾ, പോസ്റ്ററുകൾ തുടങ്ങിയവ അവതരിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപിക, വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| 6 | ഹിന്ദി അസംബ്ലി | ഹിന്ദി അസംബ്ലി പരിപാടി കുട്ടികളുടെ പങ്കാളിത്തത്തോടെ ഉറപ്പിക്കുന്നു. വാർത്തകൾ, മഹത് വചനങ്ങൾ എന്നിവ ഉൾപ്പെടുത്തി ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് |
| 7. | ദിനാചരണങ്ങൾ | ദിനാചരണങ്ങൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ മത്സരങ്ങൾ നടത്തി ക്ലാസ്റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് നടത്തുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് |
| 8. | ഹിന്ദി പത്രത്തിന്റെ ഉപയോഗം | പത്രം വാർത്തകൾ പഠനോപാധിയായി ഉപയോഗിക്കുക. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ |
| 9. | ആശയ വിനിമയം തയ്യാറാക്കുക. | ചെറു സംഭാഷണങ്ങൾ തയ്യാറാക്കുക. | ആഗസ്റ്റ് മുതൽ | വിദ്യാർത്ഥികൾ |
| 10 | പോസ്റ്ററുകൾ | ആഴ്ചയിൽ ഒരു ദിവസം ഹിന്ദി ഒന്നോ, രണ്ടോ വാക്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഇതിനെ നിരീക്ഷിക്കാൻ പെട്ടികൾ സ്ഥാപിക്കുന്നു. വിജയികളെ അസംബ്ലിയിൽ അനുമോദിക്കുന്നു. | എല്ലാ ആഴ്ചയിലും | ഹിന്ദി ക്ലബ്ബ് |
| 11. | ഹിന്ദി കൈയ്യെഴുത്ത് മാസിക. | ജൂൺ മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തി ജനുവരിയിൽ കൈയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു | ജനുവരി | ഹിന്ദി അധ്യാപകർ |